**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 114** **04-02-2019 ൽ മറുപടിക്ക്**

**സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. പി. ഉണ്ണി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പുറമ്പോക്ക് ഭൂമിയിലും കുടിയേറ്റ ഭൂമിയിലും വസിക്കുന്നവർക്ക് പട്ടയം നൽകാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; എത്ര ഭൂരഹിത കുടുംബങ്ങൾക്ക് പട്ടയം നൽകാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) പുറമ്പോക്ക് ഭൂമിയിലും കുടിയേറ്റ ഭൂമിയിലും വസിക്കുന്നവർക്ക് പട്ടയം നൽകുന്നത് ത്വരിതഗതിയിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്താകെ 40 പട്ടയമേളകളും പാലക്കാട് ജില്ലയിൽ ഒരു റവന്യൂ മേളയും സംഘടിപ്പിച്ച് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 1,03,313 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുള്ളതുമാണ്. |
| (ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; വൻകിടക്കാർ ഉൾപ്പെടെ കയ്യേറിയ ഭൂമി ഒഴിപ്പിക്കുവാൻ നടത്തുന്ന പ്രവർത്തനം വിശദീകരിക്കാമോ; | (ബി) സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ തടയാൻ 1957 ലെ കേരള ഭൂസംരക്ഷണ നിയമം (2009 ഭേദഗതി) പ്രകാരം കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമി കൈയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെയും, അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി 10.09.2018 ലെ സ.ഉ (സാധാ) നം. 3778/2018/റവ നം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു മോണിറ്ററിംഗ് സെൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിക്കുകയും ഉണ്ടായി. തുടർനടപടികൾക്കായി ജില്ല/റവന്യൂ ഡിവിഷൻ തലത്തിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഹാരിസൺ മലയാളം ഉൾപ്പെടെയുള്ളവർ പാട്ടത്തിനെന്ന പേരിൽ കയ്യേറുകയും അന്യാധീനപ്പെടുത്തുകയും ചെയ്ത ഭൂമി തിരികെ പിടിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (സി) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും അവരിൽ നിന്നും ഭൂമി വാങ്ങിയവരും, മറ്റു കൈയ്യേറ്റക്കാരും ചേർന്ന് കൈവശം വച്ചിരുന്ന 38171 ഏക്കർ ഭൂമി കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഗവൺമെന്റ് ലാന്റ് റിസംപ്ഷൻ സ്പെഷ്യൽ ആഫീസർ ഉത്തരവിറക്കിയിരുന്നു. ഇതിനെതിരെ ഹാരിസൺ കമ്പനിയും മറ്റുള്ളവരും ചേർന്ന് ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C) |

33122/2014 ൽ തുടങ്ങിയ കേസുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസുകളിന്മേൽ ബഹു. ഡിവിഷൻ ബഞ്ച് 11.04.2018 ന് പുറപ്പെടുവിച്ച ഉത്തരവിൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം നിയോഗിച്ച സ്പെഷ്യൽ ആഫീസർക്ക് പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് ഏറ്റെടുക്കാൻ അധികാരമില്ലെന്നും, ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കോടതിയെ സമീപിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കോടതി ഉത്തരവിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ആയത് തള്ളുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാവുന്നതാണെന്നാണ് ഡിവിഷൻ ബഞ്ച് വിധിച്ചിരിക്കുന്നത്. പ്രസ്തുത വിധികളുടെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്യുന്നതടക്കമുള്ള തുടർനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ഡി) വൻകിട കമ്പനികൾ ഉൾപ്പെടെയുള്ളവർ കുടിശ്ശികയാക്കിയ പാട്ടത്തുകയെത്രയെന്നും അത് പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വ്യക്തമാക്കാമോ? | (ഡി) പാട്ടക്കുടിശ്ശിക ഇനത്തിൽ ഏകദേശം 1155.31 കോടി രൂപയാണ് ഉള്ളതെന്നു കാണുന്നു. പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിലെയും സംഘടനകളെയും നിയമാനുസൃതം നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽ കേൾക്കുന്നതിനും പാട്ടക്കുട്ടശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനും പാട്ടക്കുടിശ്ശിക ഒടുക്കു വരുത്താൻ വിസമ്മതിക്കുന്ന പക്ഷം ടി സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വ്യക്തികളുടേയും കൈവശമിരിക്കുന്ന സർക്കാർ ഭൂമി അടിയന്തിരമായി പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാട്ടകുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ പേരിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ നിർദ്ദേശിക്കുന്നതിനായി ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായും ധന-നിയമ- റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയും ഉണ്ടായി. പ്രസ്തുത കമ്മിറ്റി പാട്ടകുടിശ്ശിക സംബന്ധിച്ച് ഓരോ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് പാട്ടകുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ